"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - അച്ചടിവകുപ്പിൽ ഇലക്‌ട്രീഷ്യൻ തസ്തികയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞ റജി ജി. യുടെ മകൾ കുമാരി റിയ റജി ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിഹരിച്ചുനൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2025/PPAD തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-

1. 24.05.1999 തീയതിയിലെ G.O.(P)No.12/99/P&ARD നമ്പർ ഉത്തരവ്
2. 20.08.2024 തീയതിയിലെ G.O.(MS)No.104/04/H.Edn നമ്പർ ഉത്തരവ്
3. 08.02.2006 തീയതിയിലെ G.O.(Rt)No.291/2006/H.Edn നമ്പർ ഉത്തരവ്
4. 29.03.2025 തീയതിയിലെ സ.ഉ.(പി)നം.4/2025/പി&എആർഡി നമ്പർ ഉത്തരവ്
5. അച്ചടി വകുപ്പ് ഡയറക്ടറുടെ 02.04.2025, 09.10.2025 തീയതികളിലെ PTGD/2824/2023-E3 നമ്പർ കത്ത്
6. കുമാരി റിയ റജി 14.11.2024 തീയതിയായി സമർപ്പിച്ചിട്ടുള്ള അപേക്ഷ

**ഉത്തരവ്**

അച്ചടിവകുപ്പിൽ ഇലക്‌ട്രീഷ്യൻ തസ്തികയിൽ സേവനത്തിലിരിക്കവെ 02.04.2002 ൽ മരണമടഞ്ഞിട്ടുള്ള റജി ജി. യുടെ ഭാര്യയായ ശ്രീമതി ബിൻസി ജോൺ ന് ആശ്രിതനിയമനപദ്ധതിപ്രകാരം ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്ചുറൽ സയൻസ്) ആയി വിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട്, ടിയാൾ ജോലിയിൽ പ്രവേശിച്ചില്ലെന്നും, അഗ്രിക്കൾച്ചർ അസിസ്റ്റന്റായി പി.എസ്.സി. മുഖേന നിയമനം ലഭിച്ചുവെന്നും സമാശ്വാസ തൊഴിൽ ദാനപദ്ധതിപ്രകാരമുള്ള നിയമനം ടിയാളുടെ മൈനറായ മകൾക്ക് നൽകണമെന്നും ആവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നു. ശ്രീമതി ബിൻസി ജോൺ ഹൈസ്കൂൾ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്ന് കൊല്ലം

വിദ്യാഭ്യാസവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നൽകിയ നിയമന ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും മൈനറായ കുട്ടിക്ക് സമാശ്വാസ തൊഴിൽ ദാനപദ്ധതിപ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനുള്ള വാഗ്ദാനം നൽകാനാവില്ലെന്നും വ്യക്തമാക്കിക്കൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

2. തുടർന്ന് റജി ജി. യുടെ മകളായ കുമാരി റിയ റജി പ്രായപൂർത്തിയായതിനുശേഷം സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനത്തിനായി പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തു സമർപ്പിക്കുകയും ചെയ്തു.

3. സമാശ്വാസ തൊഴിൽദാനപദ്ധതി വ്യവസ്ഥകൾ പ്രകാരം മൈനറായിട്ടുള്ളവർ പ്രായപൂർത്തിയായി മൂന്ന് വർഷത്തിനകം സമാശ്വാസ തൊഴിൽദാന പദ്ധതിക്ക് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. 16.06.2001 ൽ ജനിച്ചതും ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നതുമായ കുമാരി റിയ റെജിയ്ക്ക് പ്രായപൂർത്തിയാകുന്നത് 15.06.2019 ൽ ആണ്. ആയതിന് ശേഷം 5 വർഷവും 5 മാസത്തിനും ശേഷമാണ് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് 2 വർഷം 5 മാസം കാലതാമസം ഉണ്ടായിട്ടുണ്ട്. കുമാരി റിയ റജി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാളാണെന്നും കാര്യങ്ങൾ കൃത്യമായും സമയബന്ധിതമായും ചെയ്യുവാനുള്ള അറിവില്ലായ്മകൊണ്ടുമാണ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കുവാൻ വൈകിയിട്ടുള്ളതെന്നും കാലതാമസം മാപ്പാക്കി ആശ്രിതനിയമനപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അച്ചടിവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടിവകുപ്പിൽ ഇലക് ട്രീഷ്യൻ തസ്തികയിൽ സേവനത്തിലിരിക്കവെ 02.04.2002 ൽ മരണമടഞ്ഞ റജി ജി. യുടെ മകളായ കുമാരി റിയ റജി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാളാണ് എന്നത് കണക്കിലെടുത്ത് സമാശ്വാസ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായിട്ടുള്ള 2 വർഷം 5 മാസത്തെ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ ,അച്ചടി വകുപ്പ്,തിരുവനന്തപുരം
2. കുമാരി റിയ റജി, മരുന്തിലഴികത്തു പുത്തൻ വീട്, പനച്ചവിള, ഇടമുളയ്ക്കൽ

691306, കൊല്ലം.

3. ജില്ല കളക്ടർ, കൊല്ലം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ )കേരള,തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II) കേരള,തിരുവനന്തപുരം
6. പൊതു ഭരണ (എസ് സി) വകുപ്പ് (ഇനം നം : 3477 ,തീയതി 24-12-2025)
7. ഇൻഫർമേഷൻ ഓഫീസർ (വെബ് ആൻഡ് ന്യൂ മീഡിയ),ഐ &പി ആർ ഡി
8. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 29-12-2025 12:06:09
സെക്ഷൻ ഓഫീസർ